**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4283** **18-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ ജില്ല-സംസ്ഥാനതല ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി വ്യവസായ വകുപ്പിന്റെ ജില്ല-സംസ്ഥാനതല ഓഫീസുകൾ കൂടുതൽ സാങ്കേതികമായ അറിവും ഉയർന്ന അക്കാദമിക്ക് യോഗ്യതയും ഉള്ള ജീവനക്കാരെ നിയമിച്ചുകൊണ്ട് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (എ) | വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി വ്യവസായ വകുപ്പിന്റെ ജില്ല സംസ്ഥാനതല ഓഫീസുകളിൽ എഞ്ചിനീയറിംഗ്/ എം.ബി.എ യോഗ്യത ഉള്ള വ്യക്തികളെ റിസോർസ് പേഴ്സൺ ആയി നിയമിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം എഞ്ചിനീയറിംഗ്/ എം.ബി.എ യോഗ്യത ഉള്ള വ്യക്തികളെ താലൂക്ക് റിസോഴ്സ്പേഴ്സൺമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട എല്ലാവിധ കൈത്താങ്ങ് സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുമായി 1153 എഞ്ചിനീയറിംഗ്/ എം.ബി.എ യോഗ്യത ഉള്ള എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് (EDE) കളെ 2025 മാർച്ച് മാസം 31 വരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.<br><br>Raising and Accelerating MSME Performance (RAMP) (World Bank supported Central Sector Scheme) പദ്ധതിയുടെ ഭാഗമായി 500 Business Development Service Providers (BDSP) നെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് വഴി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ |

| | | | |
|---|---|---|---|
| | | | എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകൾ വഴി ചെയ്തു വരുന്ന എല്ലാ സേവനങ്ങളും സംരംഭകർക്ക് BDSP മാർ വഴി ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ